


# ഭൂമിക

ഹയർ സെക്കന്ററി സ്കൂൾ
കണ്ടമംഗലം

ഡിജിറ്റൽ മാഗസിൻ 2024

## ഉള്ളടക്കം

എൻ്റെ വീട്.....3

കൊതിയനായ സിംഹം.....5

Untold Love Story.....6

എൻ്റെ പൂന്തോട്ടം.....13

മടക്കയാത്ര.....15

എലിയും സിംഹവും.....17

ശ്രീ നാരായണ ഗുരുവിൻ്റെ കാലത്തെ സമൂഹികാവസ്ഥ.....18

ഗാന്ധിദർശനങ്ങളും ഇന്ത്യയും.....20

കുളിർ മഴ ദുരന്ത മഴ.....22

ആർത്തവം.....23

ബാപ്പുജി.....24

പ്രകൃതി.....27

നീലുവും പീലുവും.....28

മനുഷ്യരും പ്രളയവും.....29

തീവ്ര ജലധാര കഥ.....31

# എന്റെ വീട്



എന്റെ വിട് മനോഹരമാണ്

എന്റെ വീട്ട് സ്വർഗമാണ്

എന്റെ വീട്ടിൽ സ്നേഹമുണ്ട്

എന്റെ വീട്ടിൽ സൗഹൃദമുണ്ട്.

അമ്മെയും അച്ഛനും ചേട്ടനും

സന്തോഷത്താൽ കഴിയുന്നു

എന്റെ വീട്ടിൽ കിളികൾവരും

എന്റെ വീട്ടിൽ ചെടിയുണ്ട്.

എന്റെ വീട്ടിൽ പൂക്കളുണ്ട്

എന്റെ വീട്ടിൽ പൂച്ചയുണ്ട്

എന്റെ വീട്ടിൽ പച്ചക്കറിയുണ്ട്

എന്റെ വീട് വൃന്ദാവനം.

എന്റെ വീട് സന്തോഷത്താൽ

നിറഞ്ഞുനിൽക്കും സ്വർഗം

കളിയും ചിരിയും സങ്കടവും

നിറഞ്ഞുനിൽക്കും സ്വർഗം

എന്റെ വീട് സുന്ദരമാണ്

എന്റെ വീടിനെ എനിക്കിഷ്ടം

എന്തുകൊണ്ടും എനിക്കിഷടം

എന്റെ സ്വന്തം വീട്

എന്റെ വിട് മനോഹരമാണ്

എന്റെ വീട് സ്വർഗമാണ്

എന്റെ വീട്ടിൽ സ്നേഹമുണ്ട്


എന്റെ വീട്ടിൽ സൗഹൃദമുണ്ട്.

ദേവദത്തൻ പി

6B

# കൊതിയനായ സിംഹം

. ഒരു ദിവസം ഒരു കുഞ്ഞൻ മുയൻ ആ സിംഹത്തെ കാണാൻ പോയി. ആ മുയൽ അവനോട് ഒരു സഹായം തേടാനാണ് പോയത്. പക്ഷെ ആ സിംഹം കൊതിമൂത്ത് ആ മുയലിനെ തിന്നാൻ ശ്രമിച്ചു. പക്ഷെ ആ മുയൽ ഓടി രക്ഷപ്പെട്ടു.  മറ്റൊരു ദിവസം സിംഹം ഗുഹയിൽനിന്ന് പുറത്ത് ഇറങ്ങിയപ്പോൾ അടുത്തുള്ള പാടത്ത് നിറയെ ആടുകൾ മേയുന്നത് കണ്ടു. സിംഹത്തിന് കൊതിമൂത്ത് ആ സിംഹം മരത്തിന്റെ ചുവട്ടിലും മറ്റുമായി ഒളിച്ചും പാത്തും പതുങ്ങിയും നിന്നു. അവരുടെ അടുത്ത് ചെല്ലാൻ ശ്രമിക്കുമ്പോൾ അത് കണ്ടിരുന്ന സിംഹത്തിന്റെ അടുത്ത് നിന്ന് രക്ഷപ്പെട്ട ആ മുയൽ ആടുകളുടെ അടുത്തുചെന്ന് സിംഹം നിങ്ങളെ തിന്നാൻ വരുകയാണെന്ന് പറഞ്ഞു. സിംഹം അവരെ തിന്നാനുള്ള പൂതിയിലാണെന്ന് അപ്പോൾതന്നെ മുയലിന് മനസിലായി. മുയൻ ഒരു വല എടുത്ത് സിംഹത്തിന്റെ പുറത്ത് ഇട്ടുകൊടുത്തു. ആടുകൾ ശബ്ദം കേട്ട് ഓടിപ്പോയി. അപ്പോൾ അതിന്റെ തെറ്റ് മനസിലായതിനാൽ ആരെയും ഇനി ബുദ്ധിമുട്ടിക്കില്ല എന്ന് തീരുമാനിച്ചു.



ആവണി എസ്

5-B

**Untold Love Story**



Their was a girl standing alone in a street with tearful eyes who wants to cry so badly. Right now she is surrounded by a lot of people but still she is alone. No one even cares to just give her a single stare. No one. of them cares to ask her why she is alone or why she is crying. She need someones help, someones attention, someones love. But who cares? No one cares, but the nature do. Somehow from somewhere Suddenly the winds starts to blow through their. The thunder started to bright and the rain started to pour down. She is walking through the street, all wet. The people who were there was looking at her but none of them was ready to share their umbrella with her. Now she is walking through a pocket road, surrounded with darkness, no one is there, just the rain and thunder, which is giving her peace. When the rain started to shower her she started cry.

someone's footsteps behind. When she looked back their was no one. She started to walk again. She started knock on a door.A women who looks like 35 years old opened the door with a pleasant smile on her

face. But her smile disappeared when she saw her all wet with her eyes red. She is really confused and shocked. She never saw her daughter this weak. She hugged her mother tightly and started cry on her shoulder. Her mother asked why but the said nothing. She walked upstairs and got in her room she changed her dress and jumped on her bed. Started crying on her pillow hugging it tightly sobbing hardly. Hating herself. Everything was over she thought. But she can't move on. She know She have to move on but she is really sad and hurt to move on. She accidently fell asleep while crying.

She woke up 4 am in the morning. Her eyes are all red cause of coying. Then she started to think about what happened on yesterday. She was about to cry but she holded her tear. She got up and get ready and leave to school. She really felt so sad to remember what happened. The what hurt the most is that she have to pass through the bullies alone and their is no one to help her as she have no friends. She was walking through the hallway then she stopped when she heard that someone is calling her name "Namii".

She looked back. When she saw who called her name she started to shiver. It's not her bully. Her mouth accidently spell "Him... " He came to her. Now she is really struggling. It's all happening cause of him.

She asked "what do you want? As a reply he said "What. Theres nothing. I want you to come to my party, will you? "No" she whispered. "What" He asked."Yes" she said. After saying "Okay" He left.

She started to smile thinking that he finally noticed her. That's all for her. Now she is really happy. After class she came to home. She said happly to her mother that i'm going to a party" Her mother said without thinking twice "Yes, You can" as she is an introvert. She came to her room and dressed polietly and came down and started go to a place where is the party. When she arrived their she is really shocked and felt uncomfortably. Because their is a lot of people. She is an introvert that's why. But somehow she to entered the home. She saw her crush

standing there with his friends. When he saw her he came to her and started to talk. "Hey. Thank you so much for coming to my party" He said. "It's my pleasure. Thank you for inviting me". She replied. He smiled, He just smiled. Now she can feel butterflies. She really, enjoyed the party. Who don't like their crushes party, Hmm?

After someday, she decided to confese her love for him. She dressed prettly and reached him with a red rose. She looked at his eyes. Now she is really speechless. She was trying to talk. He didn't understand anything. "Wanna say something to me?" He asked, she just nodded her head as a reply. "Then tell me. I have class". He said. "Oh...""If you have class then i'll tell later" She said while smiling nervously. You sure " he asked. "She nodded "Okay then meet me at the cafe after the class" He said and went from their for the class. After he gone she started to blush. Then she also went from their. It's 4 pm finally. When he entered the cafe he sawed Nami sitting on a chair waiting for him. He reached her and tapped her shoulder. She looked back and smiled. She asked him for a little walk. He nodded. She took him to a river side. A beautiful place with no people. The real peace. She started to stare to his eyes, deeply. "Why" she said. "What?" He asked confusly. She started to speech.

"You know what?" She asked

-"What?" he asked

-"The moon and sun loved each Other" She said

-"Really" he said with a shock.

"Yes"" "But they can't met right?" She asked.

-"Yes" He replied.

"No that's wrong. for them god created a phenomenon called the Eclipse for the lover to meet. to confess their love. To hug each other for the lisses." she said.

- Really? But why are we talking about this?" He asked confusly.

She smiled while giving the red rose she said "Just like that I hope that god created this moment for us." "for us?" He asked confusly "Yes for us. To confess my love for you.

I LOVE YOU"

He took that flower from her. As a respond of Yes. They hugged, Smiling at each other. After sometime they were about to go. But she called his name "Ronoroa" He stopped. When he looked at her she kissed at his forehead and ran from there. He smiled. Now they are lovers. A good loves. They are really cute Like they were made for each other.

Monthly passed

Its his birthday. She planned to surprise him. She ordered some decorative things and  a cake. She was going to the cafe to bring the cake. After buying the cake she started to go home When she got out she saw the moon and started to stare at the moon. When she looked down she felt frozen. Not cold but frozen. can't breath, move or talk. She forgot to process. It was him with a girl. While holding her hands, smiling and sharing her food. But what made her shock is that girl kissed him. She started to feel weak. That cake fell down hugging the soil. She started to shake. Breathing shakely. Tears started to flow from her eyes. That's when She wake up. While crying. Thinking of him. Started to scream like a moniac. Her mother came and started to knock. She asked why? She said nothing.

That's a memory, which is hunting. her from her age 21. That's what the memory is. The most hurfull pain from her past....!

DURGA LAKSHMI

IX B

എന്റെ വീട്




എത്ര സുന്ദരം എത്ര സുന്ദരം

എത്ര സുന്ദരം എത്ര സുന്ദരം എന്റെ ഈ വീട്

പിച്ച വെച്ചു നടന്നപ്പോൾ തൊട്ട് കണ്ടത്താണിതിനെ.

വിടാണ് ആദ്യത്തെ വിദ്യാലയം അതു

എത്രയോ ശരിയാണതും സത്യം

ഞാൻ പോയപ്പോൾ അത് എത്രയോ നിശബ്ദം.....

കാറ്റിച്ചാലും കെടും കാറ്റടിച്ചാലും എന്നെ രക്ഷിക്കും എന്നെ രക്ഷിക്കും

ഏതുനാട്ടിലായാലും ഞാൻ അതിനെ ഓർത്തിടും

നമ്മളെല്ലാം വസിച്ചിട്ടും പലപല കൂരയിൽ

എത്ര സുന്ദരം എത്ര സുന്ദരം എന്റെ ഈ വീട്

എത്ര സുന്ദരം എത്ര സുന്ദരം എന്റെ ഈ വീട്

എന്റെ ഈ വീട്   എന്റെ ഈ വീട്

ആദിശങ്കർ ജെ

7B

# എന്റെ പൂന്തോട്ടം



എന്റെ കുടുംബാഗങ്ങൾ പൂക്കളാണ്.

ആപൂക്കളുള്ളത് പൂന്തോട്ടത്തിലാണ്.

ആ പൂന്തോട്ടം മനോഹരമായ

എന്റെ വീട് തന്നെയാണ്......

എന്റെ പൂക്കൾക്ക് എന്നെ ഇഷ്ടമാണ്

എന്റെ പൂക്കളെ എനിക്ക് ഇഷ്ടമാണ്

എന്റെ പൂക്കൾ സന്തുഷ്ടരാണ്,

സമാധാനപ്രിയരാണ്.....

എന്റെ പൂന്തോട്ടം സ്നേഹം കൊണ്ട്

നിറഞ്ഞതാണെന്നുമെന്നും

ആ സ്നേഹം ഒരിക്കലും മായുകയുമില്ല,

മായിക്കുകയുമില്ല....

അവരെല്ലാവരും പല വർണ്ണത്തിലുള്ള

പൂക്കളാണെങ്കിലും വർണ്ണവിവേ -

ചനം ഒരിക്കലും അങ്ങോട്ടും

ഇങ്ങോട്ടും ഇല്ല ...

പല വർണ്ണങ്ങൾ ചേർത്ത് ഒരുക്കി-

യൊരു പ്രതലമാണ് എന്റെ പൂന്തോട്ടം.

ആ പുന്തോട്ടം അന്നും, ഇന്നും, എന്നും

സമാധാനത്താൽ നിറഞ്ഞതാണ്....

അച്ഛനുമമ്മയും ചേട്ടനുമേച്ചിയും

അനിയത്തിയും അനിയനും

മുത്തശ്ശിയും മുത്തശ്ശനും പിന്നെ

ഞാനുമാണ് ആ പൂക്കളെന്നും .....

ദേവദത്തൻ പി

7B

## മടക്കയാത്ര

എല്ലാവരേക്കാളും നല്ലതായിരിക്കണം അവൾ എന്നായിരുന്നു എന്റെ ആഗ്രഹം. അമ്മയില്ലാത്ത അവൾക്ക് ഞാൻ ഒരു കുറവും വരുത്തിയിരുന്നില്ല. അവളുടെ അമ്മയും അച്ഛനും നല്ല കൂട്ടുകാരനും ഒക്കെ ആയിരുന്നു ഞാൻ. അവൾക്ക് അധികം വാശിപിടിക്കൽ ഒന്നും ഇല്ല. എന്റെ അവസ്ഥ അവൾക്കറിയാം. ഒന്നാം ക്ലാസ് മുതൽ എല്ലാത്തിനും ഒന്നാം സ്ഥാനമായിരുന്നു. പഠനകാര്യത്തിലും സ്വഭാവത്തിലും ഒന്നാം സ്ഥാനക്കാരിയായ നിനുവിനെ എല്ലാ അധ്യാപകർക്കും ഇഷ്ടമായിരുന്നു. അതുപോലെ അവൾക്കും. അവൾ നല്ല സംസാരക്കാരിയായിരുന്നു. എല്ലാവരോടും അവൾ നല്ല സുഹൃദങ്ങൾ സ്ഥാപിച്ചിരുന്നു.

എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്ന അവൾ കർത്താവിന്റെ പാതയിലായിരുന്നു സഞ്ചരിച്ചത്. തന്നോട് തെറ്റ് ചെയ്യുന്നവരോട് പൊറുക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യുന്ന എല്ലാവരുടേയും പ്രിയക്കാരിയായ എന്റെ പൊന്നുമോൾ. അവൾ സ്കൂളിൽ പോയി വന്നുകഴിഞ്ഞാൽ ഒരുപാട് വർത്തമാനം പറയും. അവിടെ നടന്ന കാര്യങ്ങളും അധ്യാപകർ പഠിപ്പിച്ചു കാര്യങ്ങളുമൊക്കെ. അതുകഴിഞ്ഞ് പ്രാർത്ഥന. അതിനുശേഷമാണ് പഠിക്കുന്നത്. എന്നോട് പറയുന്നതുപോലെ വിശേഷങ്ങൾ കർത്താവിനോടും പറയും.

അവൾക്ക് എല്ലാ കാര്യങ്ങളെപ്പറ്റിയും അറിയാൻ നല്ല താല്പര്യമായിരുന്നു. അങ്ങനെ എന്റെ കുഞ്ഞു നിനു മികവോടെ വളർന്നു. അവൾക്ക് ഡോക്ടർ ആകണമെന്നായിരുന്നു ആഗ്രഹം. കാരണം അവളുടെ അമ്മ ആശുപത്രി ജീവനക്കാരുടെ അശ്രദ്ധമൂലമാണ് മൺമറഞ്ഞത് . അങ്ങനെ പത്താം ക്ലാസിലായി. അവൾ നൂറു ശതമാനം വിജയത്തോടെ പാസ്സായി . അങ്ങനെ അവൾക്ക് ഫോൺ വേണമെന്ന് പറഞ്ഞു. ഞാൻ അത് അപ്പോൾ തന്നെ വാങ്ങി നൽകുകയും ചെയ്തു.

പിന്നെ ഒരു മാറ്റമായിരുന്നു. എല്ലാവരോടും അടുത്ത് ഇടപഴക്കുന്ന അവൾ വീട്ടിനുള്ളിൽ മാത്രമായി. എപ്പോൾ നോക്കിയാലും ഫോൺ. അവൾക്ക് ആരെയും ഇഷ്ടമല്ലാതായി. അവർക്ക് പഠിക്കാനാവുന്നില്ല. പരീക്ഷയ്ക്ക് ക്ലാസിലെ ഏറ്റവും താഴ്ന്ന നിലയിലായി. 'എന്റെ മോൾക്ക് എന്തുപറ്റി' എന്ന് ഞാൻ ചോദിച്ചപ്പോൾ എന്നെ തള്ളി നീക്കിക്കൊണ്ട് അവൾ മുറിയിൽ കയറി വാതിലടച്ചു. എന്നോട് വളരെയധികം ദേഷ്യമായി. അവൾക്ക് പുതിയ കൂട്ടുകാരെ കിട്ടി. അവർ എപ്പോഴും അവരെ വിളിക്കുകയും സംസാരിക്കുകയും ചെയ്യും. എന്നിട്ടും ഞാൻ അവളെ അധികം വഴക്ക് പറഞ്ഞില്ല. അവളുടെ മനസ്സ് വിഷമിക്കരുതെന്ന് എനിക്കുണ്ടായിരുന്നു. പക്ഷെ, പിന്നീടാണ് എനിക്കു മനസ്സിലായത് ഞാൻ ചെയ്തത് വലിയ തെറ്റായിപോയി എന്ന്. അവളുടെ കൂട്ടുകെട്ടുകൾ അവളെ ഇരുട്ടിലേക്ക് തള്ളിനിക്കി. അവൾ മയക്കുമരുന്നിന് അടിമയായി. എന്നും എന്നോട് പൈസ ചോദിക്കും. കൊടുത്തില്ലെങ്കിൽ ഒച്ചപ്പാടും ദേഷ്യവുമാണ്. അങ്ങനെയിരിക്കെ ഒരു ദിവസം അവളെ ഞൻ ഇതും പറഞ്ഞ് ശകാരിച്ചു. അവളെ ഞാൻ തല്ലിയോ പിച്ചിയോ ഇല്ല. എന്നാൽ എന്റെ ദേഷ്യത്തിന് ഞാൻ അവളുടെ ഫോൺ തല്ലിപ്പൊട്ടിച്ചു കളഞ്ഞു.

എന്നിട്ട് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. വൈകുന്നേരമായപ്പോൾ അവൾക്കായി ഒരു മസാല ദോശയും വാങ്ങി ഞാൻ വീട്ടിലെത്തി. നോക്കുമ്പോൾ വിടിന്റെ വാതിൽ തുറന്നു കിടക്കുന്നു. അപ്പോൾ ഞാൻ അകത്തേക്കു കയറി നോക്കുമ്പോൾ എന്റെ പൊന്നുമോളുടെ തൂങ്ങിക്കിടക്കുന്ന ശവശരീരമാണ് ഞാൻ കണ്ടത്. അങ്ങനെ അവൾ മടങ്ങി.

അവളുടെ നല്ലതുമാത്രം ആഗ്രഹിച്ചിരുന്ന ഞാൻ തന്നെ അവൾക്ക് ഫോൺ വാങ്ങി അവളുടെ മടക്കയാത്രയ്ക്ക് വഴിതെളിച്ചു.

ദർശന പി സാബു

10-C

# എലിയും സിംഹവും



ഒരു ദിവസം ഒരു എലി ഭക്ഷണം തേടി നടക്കുകയായിരുന്നു. അപ്പോൾ ഒരു സിംഹത്തിന്റെ ഗുഹയിൽ അവൻ പോയി. ആ സിംഹം അറിയാതെ അവൻ ആ സിംഹത്തിന്റെ ഭക്ഷണം എടുക്കാൻ നോക്കി അപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരു കല്ലിൽ തട്ടി അവൻ വീണു. ആ ശബ്ദം കേട്ട് ആ സിംഹം എഴുന്നേറ്റു. അവൻ സിംഹത്തോക്കണ്ട് പറഞ്ഞു. സിംഹരാജാവേ എന്നെ കൊല്ലരുത്. നിങ്ങൾക്കു വല്ല ആവശ്യമുണ്ടെങ്കിൽ ഞാൻ ചെയ്തു തരാം. ആപത്തു വരുമ്പോൾ നിങ്ങളെ ഞാൻ രക്ഷിക്കാം. ഇപ്പോൾ നിങ്ങൾ എന്നെ ജീവനോടെ വിടണം. അപ്പോൾ സിംഹത്തിന് അവനോട് അലിവ് തോന്നി. സിംഹം പറഞ്ഞു. ഞാൻ നിന്നോട് ക്ഷമിച്ചിരിക്കുന്നു. നിന്നെ ഞാൻ വെറുതെ വിട്ടിരിക്കുന്നു. അങ്ങനെ കുറേ നാളിനു ശേഷം ഒരു ദിവസം സിംഹം വേട്ടക്കാരുടെ വലയിൽ കുടുങ്ങി. അപ്പോൾ അന്ന് താൻ പറഞ്ഞുവിട്ട് എലി വിവരമറിഞ്ഞ് അവിടെ എത്തി കുടുങ്ങിയ വല കടിച്ചു മുറിച്ചു സിംഹത്തെ രക്ഷിച്ചു.  അങ്ങനെ സിംഹവും എലിയും സുഹൃത്തുക്കൾ ആയി.

ശ്രീലക്ഷ്മി എസ്

5B

# ശ്രീ നാരായണ ഗുരുവിന്റെ കാലത്തെ സമൂഹികാവസ്ഥ.



ആധുനിക ഭാരതം കണ്ട ഏറ്റവും വലിയ തത്വചിന്തകനും സന്ന്യാസിവര്യനും കേരള നവോത്ഥന ചരിത്രത്തിലെ പ്രധാനപ്പെട്ട പരിഷ്കർത്താവുമാണ് ശ്രീ നാരായണ ഗുരു. 1856 ആഗസ്റ്റ് 20 ന് തിരുവനന്തപുരം നഗരത്തിനടുത്തുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിൽ വയൽവാരം വീട്ടിൽ മാടൻ ആശാന്റെയും കുട്ടിയമ്മയുടെയും മകനായി ജനിച്ചു. തന്റെ പതിനഞ്ചാമത്തെ വയസ്സിൽ അമ്മ മരിച്ചു പോയി. കാളിയമ്മയാണ് അദ്ദേഹത്തിന്റെ ഭാര്യ.

മതമേതായാലും മനുഷ്യർ നന്നായാൽ മതി എന്നതാണ് ഗുരുവിന്റെ ആപ്തവാക്യം. അരിവിപ്പുറം ക്ഷേത്രം കേന്ദ്രീകരിച്ച് അവിടെയുള്ള ഭക്തജനങ്ങളെ ഉൾക്കൊള്ളിച്ചുള്ള വാവൂട്ടു യോഗം 1899-ൽ അരിവിപ്പുറം യോഗം പുന:സംഘടിപ്പിച്ചു. 1903 ജനുവരി 7-ന് പ്രസിഡന്റ് ശ്രീ നാരായണ ഗുരുവും ജനറൽ സെക്രട്ടറി കുമാരനാശാനും ശ്രീ നാരായണ ഗുരു ദർമ്മപരിപാലന സംഘം രൂപീകരിച്ചു.

അദ്ദേഹം നല്ലൊരു കവിയും കൂടിയായിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ സംഭാഷണങ്ങളും കവിത രൂപത്തിലുള്ളവയാണ്. ദർശനമാല തുടങ്ങി സംസ്കൃതത്തിലും ആത്മോപദേശശതകം തുടങ്ങി മലയാളത്തിലും അദ്ദേഹം നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. സംസ്കൃതത്തിലും, മലയാളത്തിലും തമിഴിലും അദ്ദേഹം പാണ്ഡിത്യം നേടി.

കേരളത്തിൽ നിലനിന്നിരുന്ന സവർണമേൽക്കോയ്മയും തീണ്ടിക്കൂടായ്മയും, തൊട്ടുകൂടായ്മയും തുടങ്ങിയ സമൂഹികവിരുദ്ധതയോടും അനാചാരങ്ങളോടും അദ്ദേഹം പോരാടി, കേരളത്തെ നവോത്ഥാനത്തിലേക്ക് നയിച്ചു. താഴ്ന്ന ജാതിയിലെ ജനങ്ങൾക്ക് ദൈവാരാധന നടത്തുവാൻ വേണ്ടി 45-ൽ അധികം ക്ഷേത്രങ്ങൾ തമിഴ്നാട്ടിലും, കേരളത്തിലും കർണാടകയിലും ആയി പണിഞ്ഞിട്ടുണ്ട്.


മനുഷ്യരെ ഒരേപോലെ അംഗീകരിക്കാത്ത കാലമായിരുന്നു അത്. നവനിർമാണത്തിനായുള്ള ചേരുവകളെല്ലാം അദ്ദേഹം തപസ്സിലൂടെയും പാണ്ഡിത്യത്തിലൂടെയും കരസ്ഥമാക്കി .

അധികാരവും വിദ്യാഭ്യാസവും ഇല്ലാത്തെവരെ അടിച്ചമർത്തുന്നത് ഇന്നുമുണ്ട്. "വിദ്യക്കൊണ്ട് സ്വതന്ത്രരാവുക"' എന്ന സന്ദേശത്തിന്റെ പ്രസക്തി കൂടിവരുകയെയുള്ളു. അടിച്ചമർത്തുന്നവർ എങ്ങനെ സ്വാതന്ത്യം നേടുമെന്നു പോരാടി കാണിച്ചു തന്ന വ്യക്തിയാണ് അദ്ദേഹം. കേരള നവോത്ഥാന നായകൻ ശീ നാരായണഗുരുവാണ്.

സൂരജ് സുന്ദർ

8C

# ഗാന്ധിദർശനങ്ങളും ഇന്ത്യയും



ഗാന്ധിയുടെ കാഴ്ചപ്പാടിലെ ഇന്ത്യ ഒരിക്കലും ഇപ്പോൾ നാം കാണുന്നതുപോലെയായിരുന്നില്ല. വളരെ എളിമത്ത്വത്തോടെ ജീവിക്കണമെന്നാണ് ഗാന്ധി നമ്മെ പഠിപ്പിച്ചത്. എന്നാൽ നാം ഇന്ന് കാണുന്നത് ഇല്ലാത്തവർ പോലും കടം വാങ്ങിച്ച് ആടംബരത്തോടെ ജീവിക്കുന്നതാണ്. സാമ്പത്തികമായും മറ്റും ബുദ്ധിമുട്ടുകൾ ഇല്ലെങ്കിൽ കൂടിയും ഗാന്ധിജി വരെ ലളിതമായാണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന് ഹിംസയോട് താൽപര്യമുണ്ടായിരുന്നില്ല. അക്രമത്തോടും കൊലയോടുമൊക്കെ എതിരെ അദ്ദേഹം ശക്തമായി പോരാടിയിരുന്നു. എന്നാൽ ഇന്ന് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ലോകത്താണ് നമ്മൾ. അച്ഛനെയും അമ്മയേയും മറ്റു ആളുകളെയുമൊക്കെ വളരെ ദാരുണമായി കൊല്ലുന്ന ലോകത്താണ് നാം ഇന്ന്. അദ്ദേഹം നമുക്ക് പകർന്നു നൽകിയ പാഠങ്ങളിൽ തികച്ചും വ്യത്യസ്തമാണ് ഇന്നത്തെ ഇന്ത്യ. എല്ലാവരും വളരെ സ്നേഹത്തോടെയും ഐക്യത്തോടെയും ജീവിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ അദ്ദേഹം നമുക്ക് നേടിതന്ന സ്വാതന്ത്ര്യത്തിന് ഇതേ വരെ മാറ്റമൊന്നും ഉണ്ടായിട്ടില്ല. ആദ്യ കാലഘട്ടത്തെ അപേക്ഷിച്ച് സ്ത്രീകൾക്ക് സ്വാതന്ത്യമുള്ള നാടാണ് ഇന്ത്യ. അതുപോലെ തന്നെയാണ് സമത്വവും. ആൺ പെൺ വ്യത്യാസമുണ്ടായിരുന്ന കാലത്തുന്നിന്ന് ഇപ്പോൾ എല്ലാവർക്കും തുല്യ പരിഗണനയാണ് നൽകിവരുന്നത്. ഒരുപാട്

ദുശീലങ്ങൾ വളർന്നുവരുന്ന നാടായി മാറുകയാണ് ഇന്ന് നമ്മുടെ രാജ്യങ്ങൾ പുകവലിയോടും മറ്റ് ലഹരി വസ്തുകളോടും ഗാന്ധി യോജിച്ചിരുന്നില്ല. രാജ്യത്ത് ഉത്തരവാദിത്ത്വബോധമുള്ള പൗരൻമാർ ഉണ്ടായിരിക്കണം എന്ന ലക്ഷ്യത്തോടെയാണിത്. നമ്മുടെ രാജ്യം പുരോഗതിയുടെ പിന്നാലെ ഓടുമ്പോൾ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സ്വപ്നത്തിന് തികച്ചും അർത്ഥമില്ലാതാവുകയാണ്.

അഞ്ജു അനിൽ

9-C

# കുളിർ മഴ ദുരന്ത മഴ

പ്രകൃതി വറ്റിവരണ്ടു മരങ്ങളിൽ ഒരു ഇലപോലും ഇല്ല. അപ്പോൾ ഒരു പുതുശ്വാസമായാണ് കാട്ടിൽ മഴ എത്തിയത്. മൃഗങ്ങൾ എല്ലാവരും സന്തോഷത്തിലാറാടി. മൃഗങ്ങൾ പറഞ്ഞു "മഴ വന്നേ..... മഴ വന്നേ" എന്ന് പറഞ്ഞവർ മഴയേ വരവേറ്റു. പക്ഷേ കുറച്ച് ദിവസം കഴിഞ്ഞപ്പോഴാണ് മഴയുടെ ഗതി മാറിയത്. മരങ്ങൾ കടപുഴകി വീണു. കുന്നുകൾ ഇടിഞ്ഞു വീണു.  അങ്ങനെ ആ കാടിൽ മൃഗങ്ങൾക്ക് കഴിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അങ്ങനെ സിംഹരാജാവ് കാടിലെ മൃഗങ്ങളെ എല്ലാം വിളിച്ചുകൂട്ടി. അവർ ഒരു തീരുമാനത്തിലെത്തി. മൃഗങ്ങളങ്ങനെ നാട്ടിലിറങ്ങാൻ തീരുമാനിച്ചു. അവർ നാടിലിറങ്ങിയപ്പേ◌ാഴെ നാട്ടിൽ സ്കൂൾ, വീടുകൾ, മരങ്ങൾ, കെട്ടിടങ്ങൾ എന്നിങ്ങനെ പലതും ഇല്ലാതായി കഴിഞ്ഞിരുന്നു. അവർക്ക് നാട്ടിൽ നിന്നും ഒന്നും കഴിക്കാൻ ലഭിച്ചില്ല. അങ്ങനെ പാവം മൃഗങ്ങൾ എല്ലാം മരിച്ചുപോയി. കാട്ടിൽ കുളിർ മഴയായി എത്തിയ മഴ ഒരു വലിയ ദുരന്തത്തിലേക്ക് പോയ കഥ . ഇതാണ് 2018 വർഷത്തിൽ മനുഷ്യർക്കും സംഭവിച്ചത്. ഇതിന് കാരണം മനുഷ്യരാണ്. മനുഷ്യർ പ്രകൃതിയ◌ോട് കാണിക്കുന്ന ക്രൂരത പ്രകൃതി തിരിച്ചു കാണിച്ചു. ഇതാണ് സത്യം. മൃഗങ്ങൾക്ക് കാട് നഷ്ടമായത് പോലെ മനുഷ്യർക്കും വീടുകൾ നഷ്ടമായി. മൃഗങ്ങൾ മരിച്ചതുപോലെ ഒരുപാട് മനുഷ്യരും മരിച്ചുവീണു. ഇനി ഇതുപോലെ ഒരു ദുരന്തം സംഭവിക്കരുത് എന്ന് ആഗ്രഹിക്കുന്നു.

കൃഷ്ണദേവ്

7- B

# ആർത്തവം

സായാഹ്ന നേരം മുറ്റത്തെ വാഗമര
ച്ചുവട്ടിൽ അവൾ നിൽക്കവേ
രക്തവർണത്താൽ ശോഭിച്ചു നിൽക്കുന്ന
വാഗപ്പൂവുകൾ കൊഴിഞ്ഞു
അവളുടെ ചുണ്ടുകളിൽ ഉരസി
ഭൂതലമാകെ ചുവപ്പ്
പരവതാനി തീർക്കുന്നു
സായാഹ്ന കിരണങ്ങൾ അതിൽ
മെല്ലെ  പതിച്ചു.
ഒരു സ്വപ്നത്തിലെന്നപോലെ അവൾ നിന്നു
ആ രക്തവർണശോഭ അവളുടെ മനസിനെ
വല്ലാതെ അസ്വസ്ഥമാക്കാൻ തുടങ്ങി
കാറ്റിൻ ഓളങ്ങളിൽ അവളുടെ
മുടിയിഴകൾ പാറി
ഇതുവരെ അനുഭവിക്കാത്ത എന്തോ
അവളിലേക്ക് വന്നു ചേർന്നു
അവൾ കരയുകയാണോ? അറിയില്ലാ !

പവിത്ര സന്തോഷ്

9 B

# ബാപ്പുജി

മഹാത്മാഗാന്ധി നമ്മുടെ സ്വന്തം ബാപ്പുജി. ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിയുടെയും പുത് ലിഭായിയുടെയും മകനായി ജനിച്ചു.  മോനിയ എന്ന വിളിപ്പേരിൽ ഇരുട്ടിനെ പേടിച്ച് വളർന്നു അന്ന് മോനിയയ്ക് ഇരുട്ടിനെ അതീവമായ പേടിയായിരുന്നു. അങ്ങനെ ഉള്ള മോനിയ തന്റെ ചെറുപ്രായത്തിൽ തന്നെ വിവാഹിതനായി. തന്റെ പതിനെട്ടാം വയസ്സിൽ ദക്ഷിണാഫ്രിക്കയിലേക്ക് പോയി അവിടെവച്ച് ഗാന്ധിജിയെ വർണ്ണവിവേചനത്തിന്റെ പേരിൽ ട്രെയിനിൽ നിന്ന് ഇറക്കിവിടുകയുണ്ടായി. അങ്ങനെ കുറച്ച് കാലങ്ങൾക്ക് ശേഷം ഇന്ത്യയിലെത്തി, അന്നത്തെ നമ്മുടെ ഭാരതത്തെ പടിച്ചടക്കിക്കൊണ്ട് ബ്രിട്ടിഷുകാർ നീതിയും ന്യായവും ഇല്ലാത്ത ഭരണം നടത്തുകയായിരുന്നു. ഗാന്ധി വന്നയുടൻ തന്നെ ന്യായമില്ലാത്ത ഭരണകൂടത്തിനെതിരെ പ്രതികരിക്കാൻ തുടങ്ങി. അങ്ങനെ ചമ്പാരൻ സമരത്തിന് തുടക്കം കുറിക്കുകയും പിന്നീട് മറ്റ് സ്വാതന്ത്ര്യ സമരങ്ങളുമായി മുമ്പോട്ട്. ഇംഗ്ലീഷുകാർ ഉപ്പിന് വില കൂട്ടിയപ്പോൾ അദ്ദേഹം തന്റെ സബർമതി ആശ്രമത്തിൽ നിന്ന് ദണ്ഡി കടപ്പുറത്തേക്ക് ഉപ്പ് സത്യാഗ്രഹ യാത്ര നടത്തി. തന്റെ അനുയായികളുമായി കടപ്പുറത്ത് എത്തുകയും അവിടുത്തെ കടൽ വെള്ളത്തിൽ നിന്നും ഉപ്പ് ഉണ്ടാക്കുകയും അത് ജനങ്ങൾക്ക് വിലകുറച്ച് കൊടുക്കുകയും ചെയ്തു. ഈ സത്യാഗ്രഹത്തിന് പുറപ്പെടുന്നതിനു മുമ്പായി അദ്ദേഹം ഒരു തീരുമാനമെടുത്തു. ഒന്നെങ്കിൽ ഞാൻ ഉപ്പ് ഉണ്ടാക്കും അല്ലെങ്കിൽ എൻറെ ശരീരം ദണ്ഡി കടലിൽ ഒഴുകി നടക്കും. അങ്ങനെ പല പല സമരങ്ങൾ ആയി. അപ്പോഴാണ് അദ്ദേഹം നീലം കർഷകർക്കായി സത്യാഗ്രഹം നടത്തിയത്. കരുണയില്ലാത്ത ബ്രിട്ടീഷുകാർ നീലം ജനങ്ങളെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കുകയും അവർക്ക് അതിനായി വേതനങ്ങൾ പോലും കൊടുക്കാതെ വന്നതും, നീലം മാത്രമേ കൃഷി ചെയ്യാനാവൂ എന്ന് പറഞ്ഞപ്പോഴാണ് ഗാന്ധി സമരത്തിലേക്ക് നീങ്ങിയത്.

ഒരു കാരണത്തടിച്ചാൽ മറ്റേ കരണം കാണിച്ചുകൊടുത്ത വ്യക്തി. ഗാന്ധിജി അഹിംസയുടെ പാതയിലാണ് സഞ്ചരിച്ചത്. അഹിംസയും

ഹിംസയും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ ആണെന്നും ഹിംസയിലേക്ക് വഴുതി വീഴരുതെന്നും ഹിംസയുടെ ദൂഷ്യഫലങ്ങളും മറ്റും നമ്മെ പഠിപ്പിച്ചു. സ്വാതന്ത്രസമരകാലത്ത് ഗാന്ധിജിയുടെ വഴിയിൽ മാത്രം അല്ലായിരുന്നു എല്ലാവരും സഞ്ചരിച്ചത്. അഹിംസയുടെ പാതയിലൂടെ സഞ്ചരിച്ചവരാണ് ഏറെ പേർ. അദ്ദേഹത്തിന്റെ സത്യാഗ്രഹങ്ങളെല്ലാം നീതിക്കുവേണ്ടിയായിരുന്നു. ഗാന്ധിയുടെ സത്യാഗ്രഹങ്ങൾ ഒക്കെ എല്ലാം ഇന്ത്യയുടെ എല്ലാ ഭാഗത്തും അലയടിച്ചു. അങ്ങനെ നമ്മുടെ ദേശീയ ഗാനം രചിച്ച രവീന്ദ്രനാഥ ടാഗോർ അദ്ദേഹത്തെ മഹാത്മ എന്ന് വിശേഷിപ്പിച്ചു. ഗാന്ധിജിയുടേയും അനുയായികളുടെയും കഠിനപ്രയത്നത്തിനു ഒടുവിൽ അതിനെല്ലാം ഫലം കണ്ടു. ഇന്ത്യ സ്വതന്ത്രയായി. ആയുധങ്ങളിലും സൈന്യത്തിലും ഒക്കെ ഏറെ മുൻപിൽ ആയിരുന്ന ബ്രിട്ടീഷ് വെള്ളക്കാർ ഇന്ത്യ ഉദ്ദേശിച്ച പോകണമെന്നുണ്ടെങ്കിൽ അവരുടെ പ്രയത്നം എത്രത്തോളം ഉണ്ട്. ഇന്ത്യക്കായി സ്വന്തം ജീവിതം മാറ്റിവെച്ച അതുല്യ വ്യക്തിയാണ് അദ്ദേഹം അങ്ങനെ അദ്ദേഹത്തെ രാഷ്ട്ര പിതാവായി അംഗീകരിച്ചു. സ്വാതന്ത്ര്യസമരത്തിൽ എത്രയെത്ര സത്യാഗ്രഹികൾ ഉണ്ടായിരുന്നു. എന്നിട്ട് എന്തുകൊണ്ടാണ് ഗാന്ധിജിയെ നമ്മുടെ രാഷ്ട്രപിതാവാക്കിയത് അതാണ് അദ്ദേഹത്തിൻറെ പ്രവർത്തികൾ. ഇന്ത്യക്കായി ജനിച്ച ആളായിരുന്നു അദ്ദേഹം. തന്റെ ഭാരത മാതാവിനായി പോരാടിയ ഒരു അഹിംസാ പോരാളി. കാലമേ ഇനിയും ജനിക്കുമോ ഇതുപോലെയുള്ള ഒരു ഇതിഹാസനായകൻ. അഹിംസയാൽ ഇതിഹാസം രചിച്ച വ്യക്തി.

മോനിയ എന്ന ഇരുട്ടിനെ പേടിയുള്ള ചെറിയൊരു മനസ്സിൽനിന്ന് ഇന്ത്യക്കായി വെളിച്ചം പോരാടി വാങ്ങിയ വ്യക്തിയുടേതാണ് ഇന്ത്യ എന്ന മഹാരാഷ്ട്രം. ഗാന്ധി കണ്ടതെല്ലാം ശരിയായിരുന്നു. ഇങ്ങനെ മാത്രമല്ല എല്ലാവർക്കുമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രീതി കൊണ്ടുവന്നു. വാർധാ വിദ്യാഭ്യാസപദ്ധതി. ആ പദ്ധതി ഗാന്ധിജിയുടെ ഓർമ്മകളായി വലിയ ഉയരങ്ങളിൽ എത്തിക്കഴിഞ്ഞു. കാലത്തിനുമുമ്പേ നടന്നയാളാണ് ഗാന്ധി. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ പ്രാധാന്യം ഇക്കാലത്ത് ഏറെയാണ്. 1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്ന ആ വ്യക്തി 1948 ൽ നാഥുറാം വിനായക് ഗോഡ്സെ എന്ന ആളാൽ കൊല്ലപ്പെട്ടു. ഇന്ത്യയുടെ തെരുവുകളിൽ ചോരപ്പുഴ ഒഴുകിയ കാലത്ത് പതറാതെ പോരാടിയയാളെ ഒരു വെടിയുണ്ടയാൽ കൊലപ്പെടുത്തി. ഗാന്ധി

മരിച്ചെങ്കിലും അദ്ദേഹത്തിന്റെ ദർശനങ്ങളൊന്നും മരിച്ചിട്ടില്ല. അദ്ദേഹം ഇന്നും ഭാരതത്തിന്റെ മനസ്സിൽ ഉയർന്നുനിൽക്കുന്നു.

ദർശന പി. സാബു

10-C

# പ്രകൃതി



ഈ പ്രകൃതി ഇനി കാണുമോ?

നമ്മൾ കൊല്ലുമോ പ്രകൃതിയെ?

എന്ത് സുന്ദരം എന്ത് മനോഹരം

ആസ്വദിക്കൂ നാമെല്ലാരും.

പ്രകൃതിയില്ലേൽ നാമുമില്ല.

പ്രകൃതിയുണ്ടേ നാമുമുണ്ട്.

പ്രകൃതി തരുന്ന സന്തോഷം

വളരെയധികമാണല്ലോ......

പ്രകൃതി എല്ലാവർക്കുമുള്ളതാ -

ണെന്ന് നാം അറിയണം.

പ്രകൃതിയേ സ്നേഹിക്കുക.

അത് നമ്മെ സ്നേഹിക്കും.

കൊല്ലല്ലേ ഈ പ്രകൃതിയെ

കൊല്ലല്ലേ ഈ പ്രകൃതിയേ......

ആദിനാഥ് k S

8C

# നീലുവും പീലുവും



ഒരു ഗ്രാമത്തിലെ മൈതാനത്തിനു അരികിലായി രണ്ടു വള്ളിച്ചെടികൾ വളർന്നുവന്നു. കുട്ടികൾ ആ ചെടികളെ സ്നേഹത്തോടെ നീലു എന്നും പീലു എന്നും വിളിച്ചു. ചെടികൾ വളരാൻ തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞ് അവയിൽ മൊട്ടുകൾ മുളച്ചു. അത് പൂവായ് വിരിഞ്ഞു. നീലു തന്റെ വേരുകൾ കൊണ്ട് ഭക്ഷണം ശേഖരിക്കാൻ പീലു സമ്മതിക്കില്ലായിരുന്നു.  നീലുവിനെ മുകളിലേക്ക് വളരാൻ പീലു അനുവദിച്ചില്ല . പീലു ഒരു അഹങ്കാരിയായിരുന്നു. കുറച്ചുനാൾ കഴിഞ്ഞ് പീലുവിന്റെ നീണ്ട വള്ളികൾ കണ്ട് പശുക്കിടാവിന് കൊതിയായി. അത് പീലുവിന്റെ നീണ്ട വള്ളികൾ കടിച്ചു വലിച്ചു. വേദന സഹിക്കാനാവാതെ നിസ്സഹായയായി നിന്നു. പശുക്കിടാവ് പിലുവിന്റെ വള്ളികൾ തിന്നു. പീലു തളർന്ന് ഇലകൾ കൊഴിഞ്ഞ് താഴെവീണു. അപ്പോൾ നീലു തന്റെ വള്ളികൾ കൊണ്ട് പീലുവിന് കൈത്താങ്ങായി മാറി പിന്നെ നീലു തന്റെ വള്ളികൾ നീട്ടി വളർത്തി.

പവിത്ര കെ എസ്

5-B

## മനുഷ്യരും പ്രളയവും



പ്രളയം എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് കടന്നു വരുന്നത് 2018 ലെ പ്രളയമാണ് . ഒരുപാട് നാശനഷ്ടങ്ങൾ ആണ് അന്നു സംഭവിച്ചത്. ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവൻ കവർന്ന് എടുത്തത് ആ പ്രളയമാണ് എന്നോർക്കുമ്പോൾ മനസ്സിൽ ഒരു വിങ്ങലാണ്. ഇതിന് മുൻപ് നടന്ന ഒരു സംഭവമാണ് ഇവിടെയൊന്നുമല്ല അങ്ങ് ദൂരെ അമേരിയ്കക്ക് അടുത്തുള്ള ലിവർറിങ് ടൺ എന്ന സ്ഥലത്ത് ജോർജും തന്റെ ഭാര്യയായ സിംലയും മൂന്നു മക്കൾ ക്യാത റിൻ, ജോൺ , പാക്കർ'. ജോർജിന് കാൽ നടയായി ഭക്ഷണസാധനങ്ങൾ വിൽക്കുന്നതാണ് ജോലി. സിംല വീട്ടമ്മയായിരുന്നു. ജോർജ് ദിവസവും തന്റെ ജോലിക്കായി പോവുക പതിവാണ്: അങ്ങനെ ഒരു ദിവസം ജോർജ് തന്റെ മൂന്നു മക്കളിൽ മൂത്തവളായ ക്യാതറി തെ കൊണ്ടുപോയി. പോകുന്ന വഴിയിൽ ഒരുപാട് തടസ്സങ്ങൾ നേരിട്ടു.കൊടുങ്കാറ്റ് ശക്തിയായ പിന്നെ നേരിട്ടതാണ് ഭയാനകരം ശക്തിയായ മഴ കാരണം വീട്ടിലേക്ക് തിരിച്ചുപോയ അവർ കണ്ടത് പകുതി മുങ്ങി നിൽക്കുന്ന തൻറെ വീടും പരിസരവും ആയിരുന്നുപരിസരവും ആയിരുന്നുചെകുത്താനും കടലിനും ഇടയിൽ എന്ന് അനുഭവമായിരുന്നു അവർക്ക് ഇതെല്ലാം കണ്ട് അച്ഛൻ പേടിച്ചെങ്കിലും മനസ്സിൽ വിചാരിച്ചു ഇതിനൊക്കെ എതിരെ പൊരുതണം

അങ്ങനെ അവർ അവിടുന്ന് മറ്റൊരു സ്ഥലത്ത് എത്തി എന്നിട്ട് തന്നെക്കൊണ്ട് പറ്റുന്നത് ചെയ്തു എന്നാലും ആ നാട് തന്നെ ഇല്ലാതെയായി ലോകത്ത് രണ്ടുതരം പ്രളയമുണ്ട് ഒന്ന് സാധാരണ പ്രളയം, രണ്ട് മനുഷ്യനിർമ്മിത പ്രളയം. ഒരുപാട് കാലത്തിനു ശേഷം അന്നു നടന്ന പ്രളയം ഒരു മനുഷ്യനിർമ്മിത പ്രളയമാണെന്ന് മനസ്സിലായി. ഇതിലൂടെ നമുക്ക് മനസ്സിലാക്കാം ഭൂമിയുടെ അന്തകർ മനുഷ്യരാണെന്ന് പ്രകൃതിയോടുള്ള ചൂഷണവും മലിനീകരണവും മറ്റും മനുഷ്യനിർമ്മിത പ്രളയത്തിന് കാരണമാകുന്നു ഇന്ന് ആ അച്ഛൻ അവിടെ അറിയുന്നത് ലിവറിംഗ് ടൺ സംരക്ഷണക്കാർ എന്നാണ് . ആ അച്ഛൻ അവിടുന്ന് ഓടിപ്പോയത് വെറുതെയല്ല . അതിനുശേഷം ജോർജ് അവിടെ മുഴുവൻ നടന്നു എല്ലാവർക്കും തനിക്ക് അറിയാവുന്ന നീന്തൽ പഠിപ്പിച്ചു കൊടുത്തു കൂടാതെ ആളുകളെ  പ്രളയത്തെക്കുറിച്ച് അറിയാവുന്നത് പഠിപ്പിച്ച് അതിനെ അങ്ങനെ തടയാം എന്ന് പറഞ്ഞു കൊടുത്തു. എന്തിനും ഒരു അവസാനം ഉണ്ട് എന്ന് പറയുന്നതുപോലെ ജോർജ് കടുത്ത മലേറിയ പിടികൂടി മരണമടഞ്ഞു ഇന്നും ആ നാട്ടിൽ ജോർജിനെ പോലെ ഒരുപാട് ആളുകൾ ഉണ്ട് എന്ന്ഓർക്കുമ്പോൾ സന്തോഷമാണ് ഇന്ന് ആ നാട് അറിയുന്നത് അദ്ദേഹം അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് ജോർജിയ എന്ന പേര് ഇട്ടത്.  ഇന്ന് ഒരു കുഴപ്പവുമില്ലാത്ത ആ നാട് സന്തോഷമായി കഴിയുന്നു. ഇനി ആ നാട്ടിൽ പ്രളയം ഉണ്ടാകുമോ പുതിയ ജോർജ് ഉണ്ടാകുമോ തുടരും...

ആദിശങ്കർ ജെ

7 ബി

# തീവ്ര ജലധാര   കഥ

അനേകം വർഷങ്ങൾക്കു മുൻപ് ഒരു മലയുടെ അടിവാരപ്രദേശം അവിടെ ഒരു കൊട്ടാരം പോലൊരു വീട് ഒരു വയസ്സൻ തമിഴനാണ് ആ വീടിൻറെ ഉടമസ്ഥൻ. അദ്ദേഹത്തിന് രണ്ട് ആൺമക്കൾ ആണുള്ളത് ഭാര്യ ഏഴുവർഷം മുൻപേ മരിച്ചുപോയി മൂത്തമകൻ അർജുൻ സെൽവന് കല്യാണ പ്രായമായി ഇളയ മകൻ ഭരത് സെൽവൻ കോയമ്പത്തൂർ ഒരു കോളേജിൽ പഠിക്കുകയാണ് . അർജുൻ സെൽവന്റെ കുടുംബ പാരമ്പര്യത്തിന് പറ്റിയ ഒരു മലയാളി വ്യവസായിയുടെ മോളെയാണ് കല്യാണം കഴിച്ചത് പേര് അനുശ്രീ രണ്ടുവർഷം കഴിഞ്ഞു ഇപ്പോൾ 2018 അനുശ്രീക്കും അർജ്ജുനും ഒരു മകൾ ഉണ്ട് പേര് മിത്രനന്ദ ഒരു ദിവസം ഭരത് സെൽവന് അവധിയാണ് അവരുടെ വീടിൻറെ അടുത്ത് ഒരു വലിയ ഡാം ഉണ്ട് ഹരത്തിന്റെയും അർജന്റെൻ സ്വത്ത് വീതിക്കുന്നതിനെ പറ്റി വലിയ തർക്കം ഉണ്ടായി അവർക്ക് അയൽവാസികൾ ഒന്നുമില്ല നാളെ മിത്ര നന്ദയുടെ ഒന്നാമത്തെ പിറന്നാളാണ്. എല്ലാവരും കിടന്നുറങ്ങി രാത്രി ചെറിയ മഴയുണ്ടായിരുന്നു വെള്ളം'കുടിക്കാനായി എഴുന്നേറ്റു മഴ അപ്പോഴും തീരുന്നില്ല ഭരത് സമയം നോക്കാൻ ഫോൺ എടുത്തു നോക്കിയപ്പോഴാണ് ആ വിവരം അറിഞ്ഞത് തന്നെയും തൻറെ കുടുംബത്തിനു പോലും ജീവന് ഭീഷണിയുള്ള നിമിഷം. അത് വേറൊന്നുമല്ല അവരുടെ വീടിൻറെ അടുത്തുള്ള ഡാമിൻറെ ജലം കവിഞ്ഞൊഴുകാൻ പോകുന്നത് കണ്ട് ഏതാനും നിമിഷങ്ങൾക്കകം തുറക്കാൻ പോകുന്നു . അവൻ ഉടൻതന്നെ മറ്റുള്ളവരെ എല്ലാം വിളിച്ച് എഴുന്നേൽപ്പിച്ച് വിവരമറിയിച്ചു എല്ലാവരും അത് കേട്ട് ഞെട്ടിപ്പോയി ഉടനെ അവർ അവിടെ നിന്നു പോകാൻ തീരുമാനിച്ചു. അവർക്ക് അത്യാവശ്യം ഉള്ള എല്ലാ സാധനങ്ങളും എടുത്ത് ഉടനെ പുറപ്പെട്ടു കാറിലാണ് പോയത് ഇരുട്ടുകാരണം വഴി തെളിഞ്ഞില്ല എങ്കിലും പറ്റാവുന്ന അത്രയും വേഗത്തിൽ അവർ നഗരത്തിൽ എത്തി അവിടെ മഴയുണ്ടായിരുന്നു പക്ഷേ വെള്ളപ്പൊക്കം ഒന്നും ഇല്ലായിരുന്നു അവർ ഒരു ഹോട്ടലിൽ താമസമാക്കി മാധ്യമങ്ങളും വാർത്തകളും അരിച്ചുപെറുക്കി നോക്കി സർവ്വവും മഴയെ കുറിച്ചുള്ള വാർത്തകൾ ആയിരുന്നു അവരുടെ പ്രദേശത്ത് ഒരു മലയിൽ നിന്നും ഉരുൾപൊട്ടൽ ഉണ്ടായി ഒരു വലിയ വീട് തകർന്നു എന്ന് അത് അവരുടെ വീട് ആകുമെന്ന് അവർ സംശയം

ഉണ്ടായിരുന്നു അഞ്ചുദിവസത്തിനുശേഷം അവർ അങ്ങോട്ട് പോകാൻ ശ്രമിച്ചു പക്ഷേ അപ്പോഴും വെള്ളക്കെട്ട് മാറിയിട്ടുണ്ടായിരുന്നില്ല 15 ദിവസത്തിനുശേഷം അവർ അങ്ങോട്ട് ചെന്നു. അവിടെ ഒരു വീട് നിന്നതിന്റെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നു അഞ്ചുവർഷത്തെ കഷ്ടപ്പാടിന്റെ ഫലമായി അവർ നിർമ്മിച്ച വീട് ഒരു മഹാദുരന്തത്തിന്റെ അവശേഷിപ്പായി മാറിക്കഴിഞ്ഞു അവരുടെ അമ്മയുടെ ശവകുടീരം മാത്രം ഒരു സ്മാരകം പോലെ അവിടെയുണ്ടായിരുന്നു കുറച്ച് സമയം അവടെ മനംതൊണ്ട് നിശ്ചലമായി നിൽക്കുകയുണ്ടായി അപ്പോഴേക്കും ഒരു കാർ വന്നു അതിൽ ആ വീടിൻറെ ഉടമസ്ഥൻ സഹായിച്ചതിനാൽ ജീവൻ നഷ്ടപ്പെട്ട ഒരു കുടുംബമായിരുന്നു അവരുടെ മകളുടെ കല്യാണം ക്ഷണിക്കാൻ വന്നതായിരുന്നു അവർക്ക് മനസ്സിലായി ആ കുടുംബത്തിന്റെ അവസ്ഥ കഷ്ടപ്പാടിന്റെ ഫലം വെള്ളത്തിലൊഴുകി പോയ അവസ്ഥയായിരുന്നു അത് പ്രകൃതി ദുരന്തങ്ങൾ നഷ്ടപ്പെടുത്തിയ ഏറെ ജീവനുകൾ ഈ ലോകത്ത് ഉണ്ട് അതിന് ഒരു പ്രധാന ഉദാഹരണമാണ് ഇവരുടെ ജീവിതം എങ്കിലും ഇനി ഇതുപോലുള്ള അവസ്ഥ ആർക്കും ഉണ്ടാകരുത് ഈ പേമാരി ഇനിയും പെയ്യാതിരിക്കട്ടെ.

ദേവദത്തൻ പി

7B